മെൻറ് ഒരു ഒത്തുതീർപ്പിനു വരൂ എന്ന കടുംപിടിയിൽ അവരും അത് സാദ്ധ്യമല്ലായെന്ന് യൂണിയനും നിൽക്കുന്ന പരിതഃസ്ഥിതിയിൽ ഗവൺമെൻറ് ലവലിൽ ഒരു അനുരഞ്ജന ശ്രമത്തിൽ ഇതു തീർക്കാനുള്ള ശ്രമം തുടർന്നു വരുന്നു.

(2) പനമ്പിള്ളി–പുല്ലംകണ്ടം റോഡ്

ശ്രീ.രാഘവൻ പൊഴക്കടവിൽ: സർ, എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട മാടയ്ക്കത്തറ പഞ്ചായത്തിൽ ബഹുമാനപ്പെട്ട പനമ്പിള്ളി ഗോവിന്ദമേനോൻ മുഖ്യമന്ത്രി ആയിരുന്നകാലത്ത് പനമ്പിള്ളി–പുല്ലംകണ്ടം എന്നപേരിൽ ഒരു റോഡ് പ്രവർത്തനമാരംഭിക്കാൻ നിർദ്ദേശം നൽകുകയും അദ്ദേഹം അതിൻെറ ഉൽഘാടനം നടത്തുകയും ചെയ്തു. ആ പനമ്പിള്ളി–പുല്ലംകണ്ടം റോഡിൽ, നടുത്തോടിൽ ഒരു പാലം പണിയുന്നതിനും അപ്രോച്ച് റോഡ് പണിയുന്നതിനും വേണ്ടി ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നതാണ്. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റിൽ ആ റോഡിൻെറ പേരുപോലും കാണുന്നില്ല. ചാലക്കുടിക്കടുത്ത് പനമ്പിള്ളി ഗോവിന്ദമേനോൻ എന്ന പേരിൽ ഒരു റോഡ് പണിതീർത്തതായി അറിയുന്നു. ഒരുപക്ഷേ പനമ്പിള്ളി–പുല്ലംകണ്ടം റോഡിനു പകരം ബഡ്ജറ്റിൽ നിർദ്ദേശം തെറ്റിദ്ധരിച്ച് പനമ്പിള്ളി ഗോവിന്ദമേനോൻ റോഡെന്നു കരുതി ചാലക്കുടിയിൽ റോഡു പണിയുകയും എൻെറ മണ്ഡലത്തിലെ പനമ്പിള്ളി–പുല്ലംകണ്ടം റോഡ് നീക്കം ചെയ്തിരിക്കുകയുമാണെന്നാണ് കരുതുന്നത്. അതു ശരിയാണെങ്കിൽ പനമ്പിള്ളി–പുല്ലംകണ്ടം റോഡിൻെറ സ്ഥിതിയെപ്പറ്റി അന്വേഷിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. മലയോര പ്രദേശങ്ങളായ കുന്നുകാട്, ചെട്ടിക്കാട്, കട്ടിളപുരം, പൂവംകണ്ടം എന്നീ പ്രദേശങ്ങളിലുള്ള ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ട് ബഡ്ജറ്റിൽ നിന്നു നീക്കം ചെയ്ത പനമ്പിള്ളി–പുല്ലംകണ്ടം റോഡ് ബഡ്ജറ്റിൽ ഉൾപ്പെടുത്തി വേണ്ട പണികൾ നടത്താനുള്ള നിർദ്ദേശം നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ.കെ.അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അദ്ദേഹത്തിൻെറ മണ്ഡലത്തിലെ പനമ്പള്ളി–പുല്ലംകണ്ടം റോഡ് വേറെ റോഡായി മാറിയതിനെപ്പറ്റി ഗവൺമെൻറിന് അറിയില്ല. ഇപ്പറഞ്ഞ റോഡ് ഏതായാലും ഇന്ന് പഞ്ചായത്ത് റോഡാണ്. അത് ഗവൺമെൻറ് ഏറെടുത്തിട്ടില്ല. ഇക്കൊല്ലത്തെ ബഡ്ജറ്റിലും ഇല്ല, കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിലും ഇല്ല. അതുകൊണ്ട് ആദ്യമായി ആ റോഡ് ഗവൺമെൻറ് ഏറെടുക്കണമെന്നുള്ള നിർദ്ദേശമാണ് ഉന്നയിക്കേണ്ടത്. അങ്ങനെ ഗവൺമെൻറ് ഏറെടുത്തതിനുശേഷം പാലത്തിൻെറയും മറ്റും കാര്യങ്ങളെക്കുറിച്ച് ആലോചിക്കാമെന്നു മാത്രമേ പറയാനുള്ളൂ.

(3) ''എംപ്ലോയ്മെൻറ് ന്യൂസിൻെറ'' കോപ്പികൾ

ശ്രീ.കാനം രാജേന്ദ്രൻ: സർ, കേന്ദ്ര വാർത്താ പ്രക്ഷേപണ മന്ത്രാലയത്തിൻെറ പ്രസിദ്ധീകരണമായ 'എംപ്ലോയ്മെൻറ് ന്യൂസ്' കേരളത്തിൽ മുടങ്ങാതെ ലഭിക്കുന്നില്ല. എയർ സർച്ചാർജ്ജടക്കം ഒരു രൂപ ഇരുപതു പൈസ വിലയ്ക്ക് ലഭിക്കുന്ന ഈ പ്രസിദ്ധീകരണം

LIBRARY ARCHIVES Kerala Legislative Assembly